# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:901

30.01.2019-ലെ മറുപടി

### ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.വി. അബ്ദുറഹിമാൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ)യും (ബി)യും | ഉണ്ട്.<br>2018 ഡിസംബർ മാസം 31 വരെയുള്ള കണക്കനുസരിച്ച് ഏറ്റെടുത്ത 2176 കുടിവെള്ള പദ്ധതികളിൽ പണി പൂർത്തിയാക്കി തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുള്ള 2027 കുടിവെള്ള പദ്ധതികളിലൂടെ 2,19,263 കുടുംബങ്ങളിലുള്ള 8.87 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി വരുന്നു. ബാക്കിയുള്ള പദ്ധതികൾ എല്ലാം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിനു പുറമേ 45,956 ശുചിത്വ യൂണിറ്റുകളും, 1832 ഭൂഗർഭ ജലസംവർദ്ധന യൂണിറ്റുകളും ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായുള്ള എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (സി) | ഹരിത കേരളം മിഷന്റെ ഭാഗമായി ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി)യും (ഡി)യും | സ.ഉ.(അച്ചടി)20/2017/ജ.വി.വ. നമ്പരിലുള്ള 23.10.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അതുപ്രകാരം കണ്ടെത്തിയ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പുൾപ്പെടെ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ജനകീയമായി പുനരുജ്ജീവനം സാധ്യമാക്കിയ പുഴകളുടേയും കുളങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ജലസ്രോതസ്സുകളുടേയും സംരക്ഷണ പ്രവൃത്തികൾ ജൈവരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള തോടുകളുടേയും പുഴകളു |
| (ഡി) | ഉപയോഗ യോഗ്യമല്ലാതെ കിടക്കുന്ന കുളങ്ങൾ നവീകരിക്കുന്നതിനും കിണറുകളുടെ സംപോഷണത്തിനും പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | |

| ചോദ്യം | | | മറുപടി |
| --- | --- | --- | --- |
| | | | ടേയും കുളങ്ങളുടേയും പാർശ്വ സംരക്ഷണം, വീ.സി.ബികൾ, തടയണകൾ മുതലായ ചെറു ജലസംഭരണികളുടെ നവീകരണം, പുതിയ സംഭരണികളുടെ നിർമ്മാണം മുതലായവയാണ് പ്രധാനമായും ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നിർവ്വഹിക്കുന്നത്. ഇത് കൂടാതെ സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതു സ്ഥാപനങ്ങളിലെ കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഒരുക്കുന്ന പ്രവൃത്തി ഭൂജല വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.<br>എറണാകുളം ജില്ലയിൽ തനതായി നടപ്പിലാക്കിയ 100 ദിവസം . 100 കുളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 തവണയായി 300 കുളങ്ങൾ ജനകീയമായി ശുചീകരിച്ച് പുനരുജ്ജീവിപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**